# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.463

## 29-05-2019 ൽ മറുപടിക്ക്

## കിഫ്ബി പദ്ധതികൾക്കുള്ള കാലതാമസം

| ചോദ്യം<br>ഡോ. എൻ. ജയരാജ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) കിഫ്ബി പദ്ധതികൾക്ക് പണം അനുവദിച്ചിട്ടും സ്ഥലം ഏറ്റെടുക്കുന്ന നടപടിക്രമങ്ങളിലെ കാലതാമസംമൂലം പദ്ധതികൾ അനന്തമായി നീളുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) കിഫ്ബി പദ്ധതികൾക്ക് മാത്രമായി ഒരു സ്ഥലമേറ്റെടുക്കൽ ടീം ജില്ലാടിസ്ഥാനത്തിൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | കിഫ്ബി പദ്ധതികൾക്ക് പണം അനുവദിച്ചിട്ടും സ്ഥലം ഏറ്റെടുക്കുന്ന നടപടിക്രമങ്ങളിലെ കാലതാമസം മൂലം പദ്ധതികളുടെ നടത്തിപ്പിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെടുകയും, ആയത് പരിഹരിക്കുന്നതിലേക്കായി തിരുവനന്തപുരം ആസ്ഥാനമാക്കി തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ പ്രത്യേക സ്ഥലമേറ്റെടുക്കൽ ഓഫീസുകൾ സ്ഥാപിക്കുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം യൂണിറ്റിന്റെ കീഴിൽ തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ജില്ലകളും, ആലപ്പുഴ യൂണിറ്റിന്റെ കീഴിൽ ആലപ്പുഴ കോട്ടയം എറണാകുളം ജില്ലകളും, മലപ്പുറം യൂണിറ്റിന്റെ കീഴിൽ മലപ്പുറം പാലക്കാട് തൃശ്ശൂർ ജില്ലകളും, കണ്ണൂർ യൂണിറ്റിന്റെ കീഴിൽ കണ്ണൂർ, കോഴിക്കോട് കാസർഗോഡ് വയനാട് ജില്ലകളും ഉൾപ്പെടുന്നു. നാല് മേഖലാ ഓഫീസുകളിലേയ്ക്കും സ്പെഷ്യൽ തഹസിൽദാർമാരെ നിയമിച്ചിട്ടുണ്ട്. ഓഫീസുകളുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ